പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
പബ്ലിക് ഓഫീസ്.വികാസ് ഭവൻ പി ഓ , 695033 ,
തിരുവനന്തപുരം
directorofpanchayat@gmail.com
0471-2323286 തീയതി :30/01/2020

# ലേലപരസ്യ നോട്ടീസ്

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നന്തൻകോട് സ്വരാജ് ഭവന്റെ 6-ാം നിലയിൽ കെ.പി.ഇ.പി.എഫ് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള തടി, സ്റ്റീൽ എന്നിവ കൊണ്ട് നിർമ്മിച്ചിരിക്കുന്നതുമായ കേടുപാടുകളോട് കൂടിയ ഓഫീസ് ഫർണിച്ചറുകൾ 07.02.2020 രാവിലെ 11 മണിയ്ക്ക് ഈ കാര്യാലയത്തിൽ വച്ച് പരസ്യമായി ലേലം നടത്തപ്പെടുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അന്നേ ദിവസം രാവിലെ 11 മണിയ്ക്ക് തന്നെ തിരിച്ചറിയൽ രേഖകളുടെ അസ്സലും പകർപ്പും സഹിതം ഈ കാര്യാലയത്തിൽ എത്തിച്ചേർന്ന് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ലേല നടപടികൾ ആരംഭിക്കുന്നതിന് മുമ്പായി 1000 രൂപ നിരതദ്രവ്യമായി കെട്ടി വയ്ക്കേണ്ടതാണ്. ലേലം ഉറപ്പിച്ചെടുക്കുന്ന വ്യക്തി അപ്പോൾ തന്നെ ലേലം ഉറപ്പിക്കപ്പെടുന്ന തുക പൂർണ്ണമായി ഈ കാര്യാലയത്തിൽ ഒടുക്കേണ്ടതും ലേലം അംഗീകരിച്ച് അറിയിപ്പ് കിട്ടി 3 ദിവസത്തിനകം സാധനസാമഗ്രികൾ ഈ കാര്യാലയത്തിൽ നിന്നും സ്വന്തം ചെലവിൽ ഒഴിപ്പിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ഉണ്ടാകുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും പ്രസ്തുത വ്യക്തി മാത്രം ഉത്തരവാദിയായിരിക്കും. ലേലം ചെയ്യുന്ന സാധനങ്ങളുടെ വിവരം ഇതൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു . കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ലേലത്തിൽ ഉൾപ്പെടുന്ന സാധനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | **സ്റ്റീൽ അലമാര** | **2 എണ്ണം** |
| 2. | **തടി അലമാര** | **4 എണ്ണം** |
| 3. | **പി.എൽ.ബി കമ്പ്യൂട്ടർ ടേബിൾ** | **6 എണ്ണം** |
| 4. | **തടി റാക്ക്** | **5 എണ്ണം** |

| | | |
|---|---|---|
| 5. | **തടി മേശ** | **12 എണ്ണം** |
| 6. | **സ്റ്റീൽ റാക്ക്** | **4 എണ്ണം** |
| 7. | **സ്റ്റീൽ മേശ** | **3 എണ്ണം** |

വിശ്വസ്തതയോടെ

**എം പി അജിത്കുമാർ**
**പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ**

പകർപ്പ്

1. നോട്ടീസ് ബോർഡ്
2. പഞ്ചായത്ത് വകുപ്പിന്റെ വെബ്സൈറ്റ്
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
(നോട്ടീസ് ബോർഡിൽ  പ്രസിദ്ധീകരിക്കുന്നതിന്)

Signature valid

Digitally signed by M P AJITHKUMAR
Date: 2020.01.30 1?:12:58 IST
Reason: Approved